HOD-LOBG

2760
9/6/

# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മഞ്ചേരി നഗരസഭ - കംഫർട്ട് സ്റ്റേഷൻ നിർമ്മാണം - മഞ്ചേരി വില്ലേജിലെ റീസർവ്വേ 350/1-ൽപ്പെട്ട 10 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 1602/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ജൂൺ 02, 2008.

പരാമർശം:
1. മഞ്ചേരി നഗരസഭയുടെ 31-08-2006-ലെ 36-ാം നമ്പർ കൗൺസിൽ തീരുമാനം.
2. മഞ്ചേരി നഗരസഭാ സെക്രട്ടറിയുടെ 02-08-2007, 05-02-2008 എന്നീ തീയതികളിലെ PW (1)11072/06 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 26-10-2007, 27-03-2008 എന്നീ തീയതികളിലെ ജി.3-12988/07 നമ്പർ കത്ത്.

### ഉത്തരവ്

മലപ്പുറം ജില്ലയിലെ മഞ്ചേരി നഗരസഭ കച്ചേരിപ്പടിയിൽ പുതുതായി നിർമ്മിച്ചു വരുന്ന ബസ് സ്റ്റാന്റിനടുത്ത് ആധുനിക രീതിയിലുള്ള ഒരു കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഏറനാട് താലൂക്കിൽ മഞ്ചേരി വില്ലേജിൽ റീസർവ്വേ 350/1-ൽപ്പെട്ട 10 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ആയതിലേയ്ക്ക് അനുമതിയ്ക്കായി പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു. സ്ഥലങ്ങൾ വാങ്ങുന്നതിലേയ്ക്കായി 2007-08 സാമ്പത്തിക വർഷത്തെ നഗരസഭാ ബഡ്ജറ്റിൽ 45,19,000/- രൂപ നീക്കിവച്ചിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി/നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് മുനിസിപ്പൽ എഞ്ചിനീയറും, ജില്ലാ മെഡിക്കൽ ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മഞ്ചേരി നഗരസഭയുടെ പ്രൊപ്പോസൽ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഞ്ചേരി നഗരസഭയുടെ പരാമർശം 1-ലെ തീരുമാനത്തിന്റേയും പരാമർശം 2-ലെ അപേക്ഷയുടേയും പരാമർശം 3-ലെ നഗരകാര്യ ഡയറക്ടറുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ, ബസ് സ്റ്റാന്റിനോട് ചേർന്ന്

(മറുപുറം)

കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിലേയ്ക്കായി ഏറനാട് താലൂക്കിൽ, മഞ്ചേരി വില്ലേജിൽ റീസർവ്വേ 350/1-ൽപ്പെട്ടതും ശ്രീ.അബ്ദുള്ളക്കുട്ടി എന്നയാളുടെ ഉടമസ്ഥയിലുള്ളതുമായ10 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് ഇത് സംബന്ധിച്ച് സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല എന്നും കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിന് മുമ്പായി പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി വാങ്ങേണ്ടതാണ് എന്നുമുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ മഞ്ചേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ജി.ശ്രീകുമാർ,**
ഡെപ്യൂട്ടി സെക്രട്ടറി.

**To**

സെക്രട്ടറി, മഞ്ചേരി നഗരസഭ, മഞ്ചേരി.

ജില്ലാ കളക്ടർ, മലപ്പുറം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരണത്തിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.